1996–2001 കാലയളവിലെ റോഡ് വികസനവും പാലം നിർമ്മാണവും

48 [3574] *ശ്രീമതി രാധാരാഘവൻ:*

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

„ *പി. ടി. തോമസ്:*

„ *ബി. വിജയകുമാർ:*

„ *എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996–2001 കാലയളവിൽ സംസ്ഥാനത്ത് റോഡുകളുടെ വികസനത്തിനും പാലങ്ങളുടെ നിർമ്മാണത്തിനും വേണ്ടി എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ അന്നത്തെ ഭരണകക്ഷികളിൽപ്പെട്ട നിയമസഭാ സാമാജികരുടെ മണ്ഡലങ്ങളിൽ എന്ത് തുക ചെലവഴിച്ചുവെന്നും പ്രതിപക്ഷ കക്ഷികളിൽപ്പെട്ട നിയമസഭാ സാമാജികരുടെ മണ്ഡലങ്ങളിൽ എന്ത് തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ താഴെപ്പറയുന്ന തുക ചെലവഴിച്ചിട്ടുണ്ട്.

1996–1997	–	102.02	കോടി
1997–1998	–	124.97	„
1998–1999	–	114.45	„
1999–2000	–	167.13	„
2000–2001	–	135.89	„

ദേശീയപാതയെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല പണികൾ അറേഞ്ചു ചെയ്യുന്നത്. അതിനാൽ മണ്ഡലം തിരിച്ചു ചെലവായ തുകയുടെ കണക്ക് ശേഖരിക്കുക പ്രായോഗികമല്ല.

കക്കയം–ഉരക്കുഴി റോഡ് വികസനം

49 [3575] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം–ഉരക്കുഴി റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly